**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **19-06-2024 - ൽ മറുപടിയ്ക്ക്**

**സബ് രജിസ്ട്രാർ ഓഫീസുകളിൽ ടെംപ്ലേറ്റ് സംവിധാനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി ഒ എസ് അംബിക,**<br>**ശ്രീ ഒ . ആർ. കേളു,**<br>**ശ്രീ. കെ. ബാബു (നെന്മാറ),**<br>**ശ്രീ എം മുകേഷ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**<br>**(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ ടെംപ്ലേറ്റ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 11-03-2024 തീയതിയിലെ സ.ഉ.(സാധാ) നം.230/2024/TAXES നമ്പർ ഉത്തരവ് പ്രകാരം ആധാരങ്ങൾക്ക് ഫോം രൂപത്തിലുള്ള മാതൃകകൾ (Templates) ഉപയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വെ നടപ്പിലാക്കിയ വില്ലേജുകൾ അധികാര പരിധിയായി വരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ നടത്തി പരിശോധിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സംവിധാനം നിലവിൽ വരുന്നതിന് എന്തെങ്കിലും തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ടെംപ്ലേറ്റ് ഉപയോഗിച്ചുള്ള രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്നതിനായി റവന്യൂ-രജിസ്ട്രേഷൻ-സർവ്വെ വകുപ്പുകളുടെ സംയുക്ത മേൽ നോട്ടത്തിൽ *'എന്റെ ഭൂമി'* എന്ന പോർട്ടലിന്റെ രൂപകല്പന പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷണ അടിസ്ഥാനത്തിൽ നടത്തി പരിശോധിച്ച ശേഷം ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യം റവന്യൂ, സർവ്വെ വകുപ്പുകളുമായി കൂടി ആലോചിച്ച ശേഷം തീരുമാനിക്കുന്നതാണ്. |
| (സി) | പ്രസ്തുത സംവിധാനം നിലവിൽ വരുന്നതോടെ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | ടെംപ്ലേറ്റ് സംവിധാനം നിലവിൽ വരുന്നതോടെ ആധാരമെഴുത്തുകാരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക അറിയിച്ചു കൊണ്ട് ആധാരമെഴുത്ത് മേഖലയിലെ സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.<br><br>ആധാരമെഴുത്ത് സംഘടനകൾ സമർപ്പിച്ച നിവേദനം സംബന്ധിച്ച് ബഹു.മുൻ രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ഹാളിൽ വച്ച് 08.12.2022 തീയതിയിൽ നടത്തിയ യോഗത്തിൽ, |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും തൊഴിൽ നഷ്ടമാകാത്ത വിധത്തിൽ ആധാര രജിസ്ട്രേഷനായി ടെംപ്ലേറ്റ് സംവിധാനം കൊണ്ടു വരുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനാവശ്യമായ പരിശോധനകളും ചർച്ചകളും തുടർന്നും നടത്തുന്നതാണ്. കൂടാതെ ഈ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കുവാൻ ആധാരമെഴുത്ത് മേഖലയിൽ ഉള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ